I ഇ.ബി. XIV-കേരള നിയമസഭ /XIV-6

**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഫെബ്രുവരി 04, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

1) നക്ഷത്രചിഹ്നമിട്ട 93-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 93-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

2) നക്ഷത്രചിഹ്നമിടാത്ത 1125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1125-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### കരിപ്പൂർ വിമാനത്താവള വികസനം

മി. സ്പീക്കർ: കരിപ്പൂർ വിമാനത്താവള വികസനത്തിനും നടത്തിപ്പിനും ന്യായമായ പരിഗണന നൽകാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തയ്യാറാകാത്തതുമൂലം വിമാനത്താവളത്തിന്റെ ഭാവി അപകടത്തിലാകുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷവും വിമാനത്താവള വികസനത്തിന് സർക്കാർ സ്വീകരിക്കേണ്ട നടപടികളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ. സി. ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനും നടത്തിപ്പിനും മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഹജ്ജ് തീർത്ഥാടകരുടെ പ്രധാന യാത്രാകേന്ദ്രമെന്ന നിലയിൽ

കരിപ്പൂർ വിമാനത്താവളത്തിന് വലിയ സാധ്യതകളാണുള്ളതെങ്കിലും വിമാനത്താവള വികസനത്തിനാവശ്യമായ പിന്തുണയും സഹകരണവും കേന്ദ്രസർക്കാരിൽനിന്നും വേണ്ടത്ര ലഭിക്കുന്നില്ല. മംഗലാപുരം വിമാനത്താവളത്തിലുണ്ടായ അപകടത്തിനുശേഷം സുരക്ഷാകാരണങ്ങളാൽ കോഴിക്കോട് വിമാനത്താവളത്തിൽനിന്നുള്ള അന്താരാഷ്ട്ര വിമാനസർവ്വീസുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിരുന്നു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങളും നിബന്ധനകളും അനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഹജ്ജ് എമ്പാർക്കേഷൻ പോയിന്റായി കരിപ്പൂർ വിമാനത്താവളത്തെ അംഗീകരിക്കുകയും വിമാനങ്ങളുടെ സർവ്വീസ് കഴിഞ്ഞ വർഷം പുനരാരംഭിക്കുകയും ചെയ്തതിനുപുറമെ സൗദി എയർലൈൻസ്, ഫ്ലൈ ദുബായ്, ഗൾഫ് എയർ എന്നീ സർവ്വീസുകൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കരിപ്പൂർ വിമാനത്താവളത്തിലെ ടേൺ ഓവറും ലാഭവും യാത്രക്കാരുടെ എണ്ണവും മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചതിനുപുറമെ വരുംവർഷങ്ങളിലും വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര അറൈവൽ ബ്ലോക്കിൽ ഒരേ സമയം അയ്യായിരം പേരെ ഉൾക്കൊള്ളുന്നതിന് സാധിക്കും.

റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതുക്കിയ ശിപാർശ സമർപ്പിക്കുന്നതിന് എയർ പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാനോടും കോഴിക്കോട് എയർപോർട്ട് ഡയറക്ടറോടും അഭ്യർത്ഥിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങൾ അൺസേർവ്ഡ്/അണ്ടർ സേർവ്ഡ് വിമാനത്താവളങ്ങൾ അല്ലാത്തതിനാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലാന്റിംഗ്/പാർക്കിംഗ് ഫീസ്, ഹാന്റ്‌ലിംഗ് ചാർജ് എന്നീ ഇനങ്ങളിൽ ഇളവ് നൽകിക്കൊണ്ട് ആവശ്യം ഉന്നയിക്കാത്തതിനാലാണ് പ്രസ്തുത വിമാനത്താവളങ്ങളെ 'ഉഡാൻ' പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്തത്. കണ്ണൂർ വിമാനത്താവളം ഗ്രീൻഫീൽഡ് വിമാനത്താവളമായതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച ചെലവ് വരുമെന്നതിനാലും പുതിയ വിമാനത്താവളമായതിനാലും 'ഉഡാൻ' പദ്ധതിയിൽ ഉൾപ്പെടേണ്ടതായതിനാലുമാണ് ഇന്ധന നികുതി പത്ത് വർഷത്തേയ്ക്ക് ഒരു ശതമാനയി കുറയ്ക്കാൻ തീരുമാനിച്ചത്.

ഡോ. എം. കെ. മുനീർ: എല്ലാ വിമാനത്താവളങ്ങളിലെയും ഇന്ധന നികുതി അഞ്ച് ശതമാനമായി കുറച്ചുകൊണ്ട് 2017-ൽ എടുത്തിട്ടുള്ള ക്യാബിനറ്റ് തീരുമാനം ഇതുവരെ നടപ്പിലാക്കാതിരിക്കുകയും കണ്ണൂർ വിമാനത്താവളത്തിനുമാത്രമായി ഇന്ധനനികുതി ഒരു ശതമാനമായി കുറച്ച് കൊടുക്കുകയും ചെയ്തിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങൾ വിമാനത്താവളങ്ങളിലെ ഇന്ധനനികുതി ഒരു ശതമാനമായി

കുറച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും നടത്തിയിരുന്ന മൂന്ന് സർവ്വീസുകൾ നിർത്തലാക്കിയതിനുപുറമെ വരാനിരിക്കുന്ന റേറ്റ് ചെയ്ഞ്ചും വിമാനത്താവളത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. ടേബിൾ ടോപ് വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ചെലവ് വേണ്ടിവരികയും ഗ്രീൻ ഫീൽഡ് എയർപോർട്ടുകൾക്ക് മാത്രമായി പ്രത്യേക പോളിസി നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കണ്ണൂർ വിമാനത്താവളത്തിനുമാത്രമായി ഇന്ധന നികുതിയിൽ ഇളവനുവദിച്ചത് ശരിയായ നടപടിയല്ല. 'ഉഡാൻ പദ്ധതി' ഡൊമസ്റ്റിക് എയർപോർട്ടുകൾക്കുവേണ്ടിയുള്ളതാണ്. കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി കാണിക്കുന്ന അമിതതാൽപ്പര്യത്തിന്റെ ഒരംശമെങ്കിലും കരിപ്പൂർ വിമാനത്താവളത്തോട് കാണിക്കണം. വിമാനങ്ങൾ മുഴുവൻ ക്യാൻസലായി ചാർട്ടേഡ് വിമാനങ്ങൾ മാത്രം ഓപ്പറേറ്റ് ചെയ്യുന്ന ഒരു വിമാനത്താവളമായി കരിപ്പൂർ വിമാനത്താവളം മാറാൻ പോകുകയാണ്. കരിപ്പൂർ വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾക്ക് അവിടെയുള്ള ആളുകൾ സഹകരിക്കാൻ തയ്യാറാണ്. എല്ലാ വിമാനത്താവളങ്ങൾക്കും ഇന്ധന നികുതി ഒരു ശതമാനമാക്കിയാൽ കൂടുതൽ വിമാനങ്ങളെ ഇന്ധനം നിറയ്ക്കുന്നതിനായി ഇങ്ങോട്ടേയ്ക്ക് ആകർഷിക്കാനും

പൊതുമേഖലയിൽ പ്രവർത്തിച്ചുവരുന്ന കരിപ്പൂർ വിമാനത്താവളത്തെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും കഴിയും. ടേബിൾടോപ്പ് വിമാനത്താവളത്തിനാണ് ഗ്രീൻഫീൽഡ് എയർപോർട്ടിനേക്കാൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കോഴിക്കോട് വിമാനത്താവള വികസനത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട സമഗ്രമായ ഇടപെടലുണ്ടായത്. 136 ഏക്കർ സ്ഥലമേറ്റെടുക്കുന്നതിന് അവിടത്തെ ജനപ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കേണ്ടത് നാടിന്റെ വികസനത്തിന് അത്യാവശ്യമാണ്. ശബരിമലയിൽ ഒരു വിമാനത്താവളത്തെപ്പറ്റി പരിശോധിച്ചുവരികയാണ്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ ഫലപ്രദമായ നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിന് ഏറ്റവും പ്രാധാന്യമുള്ള കാര്യങ്ങളിലാണ് സർക്കാർ ഇടപെടൽ നടത്തുന്നത്. 'ഉഡാൻ' പദ്ധതിയിൽ കണ്ണൂർ വിമാനത്താവളത്തെ ഉൾപ്പെടുത്തിയതിനാലും പുതിയൊരു

വിമാനത്താവളമായതിനാൽ പ്രോത്സാഹനമെന്ന നിലയിലും അവിടെനിന്നും സർവ്വീസ് നടത്തുന്ന വിമാനങ്ങൾക്ക് ഇന്ധന നികുതി ഒരു ശതമാനമായി കുറച്ചുവെന്നത് വസ്തുതയാണ്. ഈ നടപടി ഏതെങ്കിലും തരത്തിൽ കോഴിക്കോട് വിമാനത്താവളത്തെ പ്രതികൂലമായി ബാധിക്കുന്നില്ല. എല്ലാ തരത്തിലും കോഴിക്കോട് വിമാനത്താവളത്തെ കൂടുതൽ വികസനത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടിയാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) <u>കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി</u>

<u>ശ്രീ. എം. നൗഷാദ്</u>: സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖല

നേരിടുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം. പ്രസ്തുത മേഖലയിൽ പണിയെടുക്കുന്നവർക്കാവശ്യമായ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനും ഇറക്കുമതി ചുങ്കം പിൻവലിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. വൺടൈം സെറ്റിൽമെന്റ് എന്ന നിർബന്ധ നിലപാടിൽനിന്നും ബാങ്കുകൾ പിൻമാറുകയും ലോണുകൾ റീസ്ട്രക്ച്ചർ ചെയ്യുകയും വേണം. തോട്ടണ്ടിയുടെ ലഭ്യതക്കുറവിന് പരിഹാരമുണ്ടാക്കുന്നതിനും ഇന്ററസ്റ്റ് ഗ്യാരന്റിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് തോട്ടണ്ടിയുടെ ഇറക്കുമതിച്ചുങ്കം കുറയ്ക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടെങ്കിലും അത് പൂർണ്ണമായി ഒഴിവാക്കിയാൽ മാത്രമേ കശുവണ്ടി മേഖലയ്ക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനായി രൂപീകരിച്ച ബാങ്കിംഗ് സ്ഥാപനങ്ങളുടെയും സർക്കാർ പ്രതിനിധികളുടെയും കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. സ്ഥാപനങ്ങളുടെ അധിക വായ്പയിന്മേൽ

പലിശസബ്സിഡി നൽകുന്നതിനും കാഷ്യൂ ബോർഡിൽ ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി നടപ്പുവർഷത്തെ ബാങ്ക് പലിശ നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയും സഹകരണ വകുപ്പിൽ നിന്ന് സർക്കാർ ഗ്യാരണ്ടി വായ്പ കാഷ്യൂ ബോർഡിന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കമ്മിറ്റി ഒറ്റത്തവണ തീർപ്പാക്കലിന് ശിപാർശ ചെയ്ത വിഭാഗത്തിൽപ്പെട്ട ഫാക്ടറികളുടെ കാര്യത്തിൽ പുനഃപരിശോധന നടത്തുന്നതാണ്. കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് കർശന നടപടികൾ ഒഴിവാക്കി ബാങ്കുകൾ സഹകരിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാൻ നടപടി

ശ്രീ. സി. മമ്മൂട്ടി: വിവിധ വകുപ്പുകളിലെ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി മനസ്സിലാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനെ സ്പാർക്ക് സംവിധാനവുമായി ബന്ധപ്പെടുത്തുന്നതിനും റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കി നിയമനം നടത്തുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തിന് പ്രത്യേക ചട്ടങ്ങളുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടയർമെന്റ് തീയതി മുൻകൂട്ടി പി.എസ്.സി.-യെ അറിയിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുന്നതാണ്. വിവിധ വകുപ്പുകളിലായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയും വിവിധ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരമാക്കുകയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യത വിലയിരുത്തുന്നതിനും ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനും സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ചിട്ടുണ്ട്. ഒഴിവുകൾ യഥാസമയം നിയമനാധികാരികൾ റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വിവിധ വകുപ്പുകളിൽ അതുസംബന്ധിച്ച് പരിശോധന നടത്തുകയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും ചെയ്യുന്നുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ വേഗത്തിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

(1) കാലാവസ്ഥാവ്യതിയാന കേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കോട്ടയത്തെ കാലാവസ്ഥാവ്യതിയാന പഠന കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിനും ആവശ്യമായ ഫണ്ടനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയായ റീ ബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ കീഴിൽ കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രത്തിലുൾപ്പെട്ട എല്ലാ സർക്കാർ ഏജൻസികളുടെയും വകുപ്പുകളുടെയും ശേഷി വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും സാങ്കേതിക സ്ഥാപനങ്ങളുടെ സഹായവും ആഗോളതല മികവുറ്റ സങ്കേതങ്ങളുടെ മാതൃകകളും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ്.

(2) ഭൂമി തിരിച്ചെടുക്കൽ

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഗവൺമെന്റ് പ്രൊഡക്ഷൻ സെന്ററിന് കൊടുത്ത ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കോട്ടയം താലൂക്കിൽ അതിരംപുഴ വില്ലേജിൽ ബ്ലോക്ക് 28-ൽ സർവ്വേനമ്പർ 175/1-ൽപ്പെട്ട 4.2150 ഹെക്ടർ സ്ഥലത്താണ് കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള പ്രൊഡക്ഷൻ സെന്റർ സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനം വർഷങ്ങളായി പ്രവർത്തിക്കുന്നില്ല. പ്രസ്തുത സ്ഥലം കേന്ദ്ര ഗവൺമെന്റിന്റേതാണെന്ന് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകളൊന്നുമില്ലാത്തതിനാൽ സ്ഥലം തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(3) മണൽ ലേലം ചെയ്യലും മണൽ വാരൽ പുനരാരംഭിക്കലും

ശ്രീ. എൽദോ എബ്രഹാം: പുഴകളുടെയും നദികളുടെയും കരയിൽ അടിഞ്ഞു കൂടിയ മണൽ ലേലം ചെയ്യുന്നതിനും മണൽ വാരൽ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നദികളുടെയും പുഴകളുടെയും കരയിൽ അടിഞ്ഞുകൂടിയ മണൽ ജില്ലാ കളക്ടർമാരുടെ ചുമതലയിൽ സൂക്ഷിക്കുന്നതിനും പ്രളയദുരിത ബാധിതർക്ക് വീട് നിർമ്മിക്കുന്നതിനും റോഡിന്റെ പുനർ നിർമ്മാണത്തിനും സർക്കാർ നിരക്കിലുള്ള തുക ഈടാക്കി വില്പന നടത്തുന്നതിനും പ്രസ്തുത തുക അതാത് ജില്ലകളിലെ ആർ.എം.ഫണ്ടിലേയ്ക്ക്

മുതൽക്കൂട്ടുന്നതിനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മണൽ ഖനനം ചെയ്യാനും സാന്റ് ഓഡിറ്റ് നടത്തുവാനും തിരുവനന്തപുരം ഐ.എൽ.ഡി.എം.-ന്റെ കീഴിലുള്ള വിവിധ ഏജൻസികളെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ 19 നദികളിലെ സാന്റ് ഓഡിറ്റിംഗ് പൂർത്തീകരിക്കുകയും റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. മണൽ ലഭ്യത കണ്ടെത്തിയ നദികളിൽ നിന്ന് മണൽ വാരുന്നതിന് ജില്ലാ കളക്ടർമാർ, പഞ്ചായത്ത്-മുനിസിപ്പാലിറ്റി സെക്രട്ടറിമാർ എന്നിവർ മുഖാന്തിരം അപേക്ഷ സമർപ്പിച്ച് പാരിസ്ഥിതികാനുമതി നേടാൻ 31.12.2018-ലെ സർക്കാർ ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ നടപടി പുരോഗമിച്ചു വരുന്നു. നദികളിലെ മണൽ ലഭ്യത കണ്ടെത്തി മണൽ വാരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(4) തടയണ പുനർ നിർമ്മാണം

ശ്രീ. കെ.വി. വിജയദാസ്: ഭാരതപ്പുഴയിലെ തകർന്ന തടയണ പുനർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രളയത്തെത്തുടർന്ന് ഭാരതപ്പുഴയിലെ തടയണയുടെ തകർന്ന അരികുഭിത്തി പുനർനിർമ്മിക്കാനും പൊളിഞ്ഞ റെയിൽപ്പാളം സംരക്ഷിക്കാനും കുടിവെള്ള പദ്ധതി പുന:സ്ഥാപിക്കാനും 7.06 ലക്ഷം രൂപയുടെ അടിയന്തര പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുകയും

പ്രവൃത്തി പൂർത്തീകരിച്ച് പമ്പിംഗ് പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. തടയണയുടെ സംരക്ഷണ ഭിത്തി നിർമ്മാണം 2019 മാർച്ചിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തടയണയുടെ ജലചോർച്ച തടയുന്നതിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2020 മെയ് അവസാനം പ്രവൃത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

### (5) കാർഷിക ഗവേഷണകേന്ദ്രം

ശ്രീ. എം. രാജഗോപാലൻ: പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജീവനക്കാരെയും തൊഴിലാളികളെയും നിയമിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ തസ്തികകൾ പലതും നികത്തിയിട്ടില്ലെന്നും പല തസ്തികകളും ഉദ്യോഗസ്ഥരുടെ സൗകര്യാർത്ഥം ഷിഫ്റ്റ് ചെയ്യുകയാണുണ്ടായതെന്നും മനസ്സിലായതിനെത്തുടർന്ന് അവ പുന:സ്ഥാപിക്കുകയും നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗവേഷകരുടെ തസ്തിക പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. കാർഷിക യൂണിവേഴ്സിറ്റികളിലെ എല്ലാ തസ്തികകളിലും സുതാര്യമായ രീതിയിൽ

നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(6) ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

ശ്രീ. ബി. ഡി. ദേവസ്സി: കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 8 വാർഡുകളും 610 കിടക്കകളും അനുവദിച്ചിട്ടുള്ള കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ ഇപ്പോൾ 154 രോഗികളാണുള്ളത്. ആശുപത്രിയുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(7) ബാലനീതി നിയമം

ശ്രീ. പി. ഉബൈദുള്ള: അഗതി-അനാഥ മന്ദിരങ്ങൾ, ശിശു സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ജുവനൈൽ ജസ്റ്റീസ് ആക്ടുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ടിലെ വകുപ്പ് 41 (1) പ്രകാരം കുട്ടികളുടെ സംരക്ഷണത്തിനായി നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കുന്ന പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി. പ്രസ്തുത വ്യവസ്ഥ പാലിക്കാത്ത സ്ഥാപനാധികൃതർക്ക് ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയോ ഒരു വർഷം തടവോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളുടെയും ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ 31.12.2017-ന് മുൻപ് പൂർത്തിയായി എന്ന് ഉറപ്പാക്കണമെന്ന് സുപ്രീംകോടതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. രജിസ്റ്റർ ചെയ്യാത്ത ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് നടപടി സ്വീകരിക്കാൻ അതാത് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ കഴിയുന്ന ഇതര സംസ്ഥാന കുട്ടികളുടെ പുനരധിവാസത്തിന് അതാത് സംസ്ഥാനത്തെ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ മുഖാന്തിരം നടപടി

സ്വീകരിച്ചുവരികയാണ്. ജെ.ജെ. ആക്ടുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന് ചെറിയ സാധ്യതകളെ ഉള്ളൂ. സെൻട്രൽ ആക്ടിനെ മറികടക്കുന്നതിന് സംസ്ഥാനത്തിന് ചട്ടങ്ങൾ രൂപീകരിക്കാൻ കഴിയാത്ത വിധത്തിൽ പഴുതുകളടച്ചുകൊണ്ടുള്ള നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒ.സി.ബി.-യുമായും സ്ഥാപന ഉടമകളുമായും നിരവധി തവണ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. സംസ്ഥാന ഗവൺമെന്റ് കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കരട് ചട്ടങ്ങൾ രൂപീകരിക്കാൻ കാലതാമസമുണ്ടായത് എന്തെങ്കിലുമൊരു പഴുത് കണ്ടെത്തി സ്ഥാപനങ്ങൾ നിലനിർത്താൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാൻ വേണ്ടിയാണ്.

## (8) വികസന പദ്ധതി

ശ്രീ. കെ. മുരളീധരൻ: വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് ആസൂത്രണ വകുപ്പ് 2017-ൽ 45 കോടി രൂപയും 2017-18-ൽ കിഫ്ബി പദ്ധതിയിൽ 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് എസ്.പി.വി.

ആയി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിന് 30 ശതമാനം തുക ട്രിഡ ആവശ്യപ്പെടുകയും അതിനാവശ്യമായ ശിപാർശ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തുന്നതിന് ജില്ലാ കളക്ടർ ആവശ്യപ്പെട്ട 1,15,000/- രൂപ നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണം റോഡ് ഫണ്ട് ബോർഡും ബാക്കി കാര്യങ്ങൾ ട്രിഡയുമാണ് ചെയ്യേണ്ടത് എന്നുള്ളത് തീരുമാനമായിട്ടുണ്ട്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. പി.ഡബ്ല്യു.ഡി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് യാതൊരു തടസ്സവുമില്ല. ട്രിഡയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രത്യേകം ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതാണ്.

(9) റെയിൽവേ മേൽപ്പാലം

ശ്രീ. മോൻസ് ജോസഫ്: കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും മാഞ്ഞൂർ റെയിൽവേ മേൽപ്പാലത്തിന്റെ പണി ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കുറുപ്പന്തറ റെയിൽവേ മേൽപ്പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും 30.56 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി കിഫ്ബിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും സ്ഥലമെടുപ്പ് നടപടികൾ സ്വീകരിച്ചുവരികയുമാണ്. മാഞ്ഞൂർ റെയിൽവേ മേൽപ്പാലത്തിന്റെ പണി ത്വരിതപ്പെടുത്തണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്.

## (10) യു.പി. സ്കൂൾ അപ്ഗ്രഡേഷൻ

ശ്രീ. എം. ഉമ്മർ: പുല്ലൂർ ഗവൺമെന്റ് യു. പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഹൈക്കോടതിയുടെ വിധിന്യായപ്രകാരം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തതിൽ പൂല്ലൂർ എന്ന പ്രദേശം ഉൾപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സർക്കാർ സ്കൂൾ കണ്ടെത്തി ഉയർത്തുന്നതിനാവശ്യമായ ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നതനുസരിച്ച് തുടർനടപടികൾ

സ്വീകരിക്കുന്നതാണ്.

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

<u>മാരക കീടനാശിനികളുടെ നിരോധനം</u>

മാരകമായ കീടനാശിനികളും കളനാശിനികളും സംസ്ഥാനത്ത് നിരോധിക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VI ധനകാര്യം

i. <u>2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച</u>

ഡെപ്യൂട്ടി സ്പീക്കർ (<u>ശ്രീ. വി. ശശി</u>): ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രളയബാധിത കേരളത്തിന്റെ പുനഃസൃഷ്ടിക്കായി ബഡ്ജറ്റിൽ 25 പദ്ധതികൾ പ്രഖ്യാപിച്ചത് പ്രശംസനീയമാണ്. മുൻവർഷത്തെ അപേക്ഷിച്ച് മൂലധനചെലവ് 53.3% വർദ്ധിപ്പിക്കാനും വായ്പയുടെ 56.03% റവന്യൂ ചെലവുകൾക്കായി വിനിയോഗിച്ചത് 2019-20-ൽ 33.40% ആയി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. 124125 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ റവന്യൂ കമ്മി

കേവലം 8770.29 കോടി രൂപ മാത്രമാണ്. വയനാട്ടിലെ കാപ്പിപ്പൊടി "മലബാർ" എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനുള്ള പദ്ധതി വയനാടിന്റെ പൊതുതാൽപര്യത്തിനുതകുന്നതാണ്. 24 നദികളുടെ പുനരുജ്ജീവനത്തിനായി 25 കോടി രൂപ നീക്കിവച്ചത് കേരളത്തിന്റെ പുനഃസൃഷ്ടിയിൽ നിർണ്ണായകമാണ്. അതിവേഗ റെയിൽവേയ്ക്ക് പച്ചക്കൊടി കാട്ടിയതും പൊതുമേഖലയുടെ ഉയർത്തെഴുന്നേൽപ്പും 1000 കോടി രൂപയുടെ കുട്ടനാട് പാക്കേജും കർഷക മേഖലയുടെ സമഗ്രവികസനവും പൊതുവിദ്യാഭ്യാസത്തോടുള്ള പ്രത്യേക കരുതലും പരമ്പരാഗത വ്യവസായങ്ങളുടെ വീണ്ടെടുപ്പും നവകേരള സൃഷ്ടിക്കുള്ള സാർത്ഥകമായ പദ്ധതികളാണ്. പാവപ്പെട്ട 42 ലക്ഷം കുടുംബങ്ങളെ 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമാക്കുന്നത് സ്വാഗതാർഹമാണ്. കേന്ദ്ര ബഡ്ജറ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം തികച്ചും നിരാശാജനകമാണ്. കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ തീർത്തും അവഗണിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര വിഹിതത്തിലും ജി.എസ്.ടി. വിഹിതത്തിലും കുറവ് ഏർപ്പെടുത്തിയത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. തോന്നയ്ക്കൽ ആശാൻ സ്മാരകത്തിന്റെ പ്രവർത്തന വിപുലീകരണത്തിന് ധനസഹായം അനുവദിക്കുന്നതിനും പ്രേംനസീറിന്

ജന്മനാട്ടിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. ചിറയിൻകീഴിൽ മിനി സിവിൽ സ്റ്റേഷനും ഒരു സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജും കടയ്ക്കാവൂരിൽ ഒരു ട്രഷറി ഓഫീസും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. അയ്യങ്കാളി സ്ഥാപിച്ച കുടിപ്പള്ളിക്കൂടം സർക്കാർ ഏറ്റെടുത്ത് അയ്യങ്കാളി മെമ്മോറിയൽ എം.ആർ.എസ്. ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ സാമ്പത്തിക നയങ്ങളും പ്രകൃതി ദുരന്തങ്ങളുംമൂലം തകർന്ന കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കാനുള്ള ശ്രമമാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ നടത്തിയിരിക്കുന്നത്. കടക്കെണിയിലായ കർഷകരെ സഹായിക്കാനോ വിളകൾക്ക് ന്യായവില ലഭ്യമാക്കാനോ കാർഷിക കടങ്ങൾ എഴുതിത്തള്ളാനോ മൊറട്ടോറിയം പ്രഖ്യാപിക്കാനോ തയ്യാറാകാതെ കർഷകർക്ക് പ്രതിവർഷം 6000 രൂപ നൽകുമെന്ന് പറഞ്ഞ് കേന്ദ്ര സർക്കാർ കബളിപ്പിച്ചിരിക്കുകയാണ്. പ്രളയത്തെ അതിജീവിക്കുകയും പുനരധിവാസ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്യുന്ന കേരളത്തോട് ശത്രുതാപരമായ സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. നവകേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു.

സംസ്ഥാനത്തെ സമസ്തമേഖലകളിലും സുസ്ഥിര വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് അവ പുന:സ്ഥാപിച്ചു നൽകുന്നതിനും കുട്ടനാട് കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനും ബഡ്ജറ്റിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. നവകേരളത്തിനായി 25 പദ്ധതികൾ യാഥാർത്ഥ്യമാക്കുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. സംസ്ഥാനത്ത് ഭൂപരിഷ്കരണത്തിന്റെ ആദ്യഘട്ടം വിജയകരമായി നടപ്പാക്കിയ സാഹചര്യത്തിൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ആധുനിക കൃഷിരീതികൾ അവലംബിച്ചുകൊണ്ട് കാർഷിക മേഖലയിൽ വളർച്ച കൈവരിക്കുന്നതിനുള്ള പദ്ധതികളാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രളയക്കെടുതിയിൽ സർവ്വവും നഷ്ടപ്പെട്ട സംസ്ഥാനത്തെ ജനങ്ങളുടെമേൽ കടുത്ത സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്ത് പ്രളയസെസ്സ് ഏർപ്പെടുത്തുന്നത് വിലക്കയറ്റത്തിന് കാരണമാകും. കഴിഞ്ഞവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച തീരദേശ പാക്കേജ്, ലൈഫ്, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാതെ

വാഗ്ദാനങ്ങളായി അവശേഷിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ലോട്ടറി വരുമാനം മുൻനിർത്തിക്കൊണ്ട് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ 'കാരുണ്യ പദ്ധതി' പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. നവകേരള സൃഷ്ടിക്കായി കിഫ്ബിയിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ യാഥാർത്ഥ്യബോധമില്ലാത്തതും സംസ്ഥാനത്തെ ഗുരുതരമായ കടക്കെണിയിലാഴ്ത്തുന്നതുമാണ്. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി പോലുള്ള സ്കീമുകൾക്ക് വരുമാനസ്രോതസ്സില്ലാതെ തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യം ന്യായീകരിക്കാവുന്നതല്ല. നവകേരളത്തിനായി പ്രഖ്യാപിച്ച 25 പദ്ധതികൾ കഴിഞ്ഞ ബഡ്ജറ്റുകളുടെ ആവർത്തനമായി മാറിയിരിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യവും ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണവുംമൂലം മടങ്ങിവരുന്ന പ്രവാസികൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്താനും അന്യസംസ്ഥാന ലോട്ടറി തിരികെ വരാത്ത രീതിയിൽ നിയമം കൊണ്ടുവരാനും നടപടി സ്വീകരിക്കണം. ബാങ്കിടപാടുകൾ മുഴുവൻ ക്യാഷ്‌ലെസ് ട്രാൻസാക്ഷനിലേയ്ക്ക് പോകാത്ത സാഹചര്യത്തിൽ രണ്ട് ലക്ഷം രൂപയെങ്കിലും പണമായി കൈകാര്യം ചെയ്യാൻ പ്രൈവറ്റ് ബാങ്കേഴ്സിന് അവസരം നൽകണം. കേരളത്തിലെ അടയ്ക്ക കൃഷിക്കാരിൽനിന്നും നികുതി ഈടാക്കുന്ന നടപടി ഒഴിവാക്കണം. കേരളത്തെ കടക്കെണിയിലാക്കുന്ന ഈ ബഡ്ജറ്റ് നിരാശാജനകമാണ്.

<u>ശ്രീ. സി. കെ. നാണു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തുണ്ടായ ഗുരുതര പ്രതിസന്ധി തരണം ചെയ്യുന്നതിന് ഫലപ്രദമായ നിർദ്ദേശങ്ങളുള്ള ഒരു ബഡ്ജറ്റാണിത്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മികച്ച പ്രവർത്തനം നടത്താനും ഖാദി, കൈത്തറി മേഖലകളിൽ വളർച്ചയുണ്ടാക്കാനും സംസ്ഥാനത്തെ എല്ലാ വീടുകളിലും ശുദ്ധീകരിച്ച കുടിവെള്ളമെത്തിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. മടങ്ങിവരുന്ന പ്രവാസികൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്താനും അടിസ്ഥാന മേഖലകളിൽ കൂടുതൽ ഫണ്ട് അനുവദിക്കാനും അടയ്ക്കാ കൃഷിക്കാർക്ക് ഏർപ്പെടുത്തിയ നികുതി ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിനനുസരിച്ചുള്ള ബഡ്ജറ്റാണിത്. ഓൺലൈൻ ടാക്സി നിരക്ക് നിശ്ചയിക്കാനും അടയ്ക്കാ കച്ചവടക്കാർക്ക് നികുതിപ്പണം ഗഡുക്കളായി അടയ്ക്കാനും അയ്യാ വൈകുണ്ഠ സ്വാമികൾക്ക് സ്മാരകം നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. പാട്ട കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. ജനങ്ങളുടെയിടയിൽ ക്യാഷ് ഫ്ലോ

കുറഞ്ഞതിനാലും ക്രയവിക്രയങ്ങൾ നടക്കാത്തതിനാലും ജി.എസ്.ടി. വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. സംസ്ഥാനം സാമ്പത്തിക മാന്ദ്യം നേരിടുകയാണ്. സ്വർണ്ണക്കടകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള 1/4 ശതമാനം സെസ്സ് സംസ്ഥാനത്തിന് നേട്ടമുണ്ടാക്കുകയില്ല. ഒരു ശതമാനം പ്രളയ സെസ് പിരിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. നിർമ്മാണ സാധനങ്ങളുടെ വിലവർദ്ധനവ് കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കും ന്യൂനപക്ഷ ക്ഷേമത്തിനും കൂടുതൽ ഫണ്ട് അനുവദിക്കണം. പ്രവാസികളുടെ എയർ ടിക്കറ്റിന് നൂറ് രൂപ സെസ് ചുമത്തുന്ന നടപടി പിൻവലിക്കണം.

ശ്രീ. വി. ജോയി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സാധാരണ ജനവിഭാഗത്തെ ബാധിക്കാത്ത വിധത്തിൽ ധനകാര്യ മാനേജ്മെന്റ് കൈകാര്യം ചെയ്യാൻ ഗവൺമെന്റിന് സാധിച്ചു എന്നത് പ്രശംസനീയമാണ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നൂറ് കോടി രൂപ അധികമായി വകയിരുത്തുകയും തീരദേശത്തെ പാർപ്പിടത്തിന് അർഹരായ മുഴുവൻ ആളുകൾക്കും ലൈഫ് മിഷൻ വഴി ഈ വർഷം വീട് നൽകുന്നതിനും നടപടി സ്വീകരിച്ചു. പരമ്പരാഗത മേഖലയ്ക്ക് ബഡ്ജറ്റിൽ പ്രത്യേക

പരിഗണന നൽകിയത് പ്രശംസനീയമാണ്. കൂടിയ വിലയ്ക്ക് കയർ വാങ്ങി കുറഞ്ഞ വിലയ്ക്ക് നൽകുന്ന പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ സ്കീമിന് വകയിരുത്തിയ തുക വർദ്ധിപ്പിക്കണം. സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് കൂടുതൽ തുക അനുവദിച്ച നടപടി സ്വാഗതാർഹമാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് നേടാൻ സാധിച്ചില്ലെങ്കിലും നൂതന മാർഗ്ഗങ്ങളിലൂടെ നേട്ടം കൈവരിക്കുക എന്നതാണ് ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. നികുതി വകുപ്പിനെ ശക്തിപ്പെടുത്തുന്ന നടപടികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വാറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീം ഏർപ്പെടുത്തിയത് വ്യാപാര-വ്യവസായ മേഖലയ്ക്ക് ആശ്വാസകരമാണ്. ചെറുകിട വ്യവസായികൾക്ക് ഗുണപ്രദമാകുംവിധം രജിസ്ട്രേഷൻ പരിധി 40 ലക്ഷം രൂപയും കോമ്പൗണ്ടിംഗ് നികുതിയുടെ പരിധി 1.5 കോടി രൂപയായും വർദ്ധിപ്പിച്ച നടപടി പ്രശംസനീയമാണ്. സേവന മേഖലയിൽ 50 ലക്ഷം രൂപ വരെ കോമ്പൗണ്ട് ചെയ്ത് ആറ് ശതമാനം നികുതിയിൽ കൊണ്ടുവന്നത് ചെറുകിട മേഖലയ്ക്ക് ആശ്വാസകരമാണ്. പ്രളയദുരന്തം നേരിടുന്നതിനായി എം.ആർ.പി. പ്രിന്റ് ചെയ്യാത്ത നിത്യോപയോഗ സാധനങ്ങളിന്മേൽ ഒരു ശതമാനം സെസ്സ് ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. വ്യാപാരി-വ്യവസായി ക്ഷേമബോർഡിന് 10 കോടി

രൂപയും പ്രളയദുരിതത്തിലകപ്പെട്ട വ്യാപാരികളെ സഹായിക്കുന്നതിനായി 20 കോടി രൂപയും അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്. നികുതി പിരിവ് കാര്യക്ഷമമാക്കാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴയിലും കണ്ണൂരിലും ജി.എസ്.ടി. സമുച്ചയങ്ങളും കോഴിക്കോടും എറണാകുളത്തും അഡീഷണൽ കോംപ്ലക്സുകളും നിർമ്മിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. ഡിസ്പ്യൂട്ടഡ് ടാക്സുകൾക്ക് പ്രത്യേക ഇളവ് അനുവദിക്കുന്നതിനും വൻ നികുതിനഷ്ടമുണ്ടാക്കുന്ന സ്വർണ്ണകള്ളക്കടത്ത് തടയുന്നതിനും മിസ് ക്ലാസിഫിക്കേഷൻ എന്ന പേരിൽ തീർപ്പാക്കിയ ടാക്സ് അസസ്മെന്റുകൾ റീ ഓപ്പൺ ചെയ്യുന്ന പ്രക്രിയ നിർത്തലാക്കുന്നതിനും വ്യാപാരി വ്യവസായികളോടുള്ള ഉദ്യോഗസ്ഥരുടെ ശത്രുതാ മനോഭാവം അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. വിവിധ സർക്കാർ മേഖലകൾക്കായി കഴിഞ്ഞ വർഷം വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. കടക്കെണിയിലായ സംസ്ഥാനത്തെ രക്ഷിക്കാനുതകുന്ന യാതൊരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രളയദുരന്തത്തെ അതിജീവിക്കാനുള്ള ജീവനോപാധി പാക്കേജിനും മറ്റ് പ്രമുഖ പദ്ധതികൾക്കുമുള്ള പണം കണ്ടെത്തുന്നതിനായി അധിക സെസ്സ് ഏർപ്പെടുത്തിയ നടപടി

നിർഭാഗ്യകരമാണ്. പൊതുജനങ്ങളെ ദ്രോഹിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നടപ്പു സാമ്പത്തിക വർഷം രണ്ടാം കുട്ടനാട് പാക്കേജിന് 1000 കോടി രൂപ വകയിരുത്തിയ സർക്കാർ ഒന്നാം കുട്ടനാട് പാക്കേജിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്താൻ തയ്യാറാകണം. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കാനിരുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെയും നിലവിലുള്ള റെയിൽപ്പാത ഇരട്ടിപ്പിക്കലിന്റെയും സ്തംഭനാവസ്ഥയ്ക്കുള്ള കാരണം വ്യക്തമാക്കണം. ജി.എസ്.ടി.യിന്മേൽ അധിക സെസ്സ് ഏർപ്പെടുത്തി നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കിഫ്ബിയിൽ പണം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം. പ്രളയദുരന്തത്തിൽ വീടും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യവും ആശ്വാസവും നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനോ കുടിശ്ശികയായ നികുതി/സെസ്സ് പിരിച്ചെടുക്കുന്നതിനോ ബഡ്ജറ്റിൽ മുൻഗണന നൽകിയിട്ടില്ലെന്നത് ഖേദകരമാണ്. പട്ടയം ഹാജരാക്കാത്തതിന്റെ പേരിൽ പ്രളയ ദുരിതാശ്വാസ ആനുകൂല്യം നിരസിക്കുന്ന സർക്കാർ നിലപാടിൽ മാറ്റം വരുത്താനും കോന്നിയിൽ

ബൈപ്പാസ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും തയ്യാറാകണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സാധിക്കുമെന്ന പ്രതീക്ഷയുണർത്തുന്ന ബഡ്ജറ്റാണിത്. ദേവസ്വം ബോർഡിന്റെ നിലനിൽപ്പിന് പ്രത്യേക വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അർഹമായ തുക വകയിരുത്തൽ, കേന്ദ്ര ഫണ്ട് നേടിയെടുക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ സമയബന്ധിതമായ വിതരണം, മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സഹായനിധി അർഹതപ്പെട്ട ഗുണഭോക്താവിന് ലഭ്യമാക്കൽ എന്നിവ പ്രശംസനീയമാണ്. വിദ്യാഭ്യാസ വായ്പ, കർഷക വായ്പ എന്നിവയുടെ നിഷേധം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്നിവ ഗൗരവമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്. തോട്ടം മേഖലയിൽ സംജാതമായിരിക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് 250 കോടി രൂപ അധികമായി അനുവദിക്കണം. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ക്ഷീര വികസനത്തിനും ഗ്രീൻ ബുക്ക് സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിനും മണി ലെന്റേഴ്സിന്റെ പ്രശ്നപരിഹാരത്തിനും നടപടി സ്വീകരിക്കണം. പട്ടയവിതരണ പ്രശ്ന

പരിഹാരം, ജെന്റർ ബഡ്ജറ്റിംഗിനുള്ള താൽപ്പര്യം എന്നിവ അഭിനന്ദനാർഹമാണ്. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അധിക തുക അനുവദിക്കണം.

ശ്രീ. പി. ജെ. ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളും സ്വാഗതാർഹമാണെങ്കിലും പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മിതിക്കായുള്ള നിർദ്ദേശങ്ങൾക്ക് ചില പോരായ്മകളുണ്ട്. വാസയോഗ്യമല്ലാത്ത വീടുകളുടെ മേഖല തിരിച്ചുള്ള കണക്കെടുപ്പ് ഇനിയും പൂർത്തിയാക്കിയിട്ടില്ല. പ്രളയത്തിൽ വീട് നഷ്ടമായവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് നടപടി സ്വീകരിക്കണം. പല വീടുകൾക്കും സർക്കാർ സഹായധനത്തിന്റെ ഒന്നാം ഗഡുപോലും കൊടുത്തു തീർക്കാൻ സാധിച്ചിട്ടില്ല. വീടുവച്ച് നൽകുന്നതിന് സഹായം വാഗ്ദാനം ചെയ്ത ഏജൻസികളെയെല്ലാം ഒഴിവാക്കുകയാണ് സർക്കാർ ചെയ്തത്. വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനോ വീട് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താനോ സാധിച്ചിട്ടില്ല. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് കേന്ദ്രത്തോട് ആവശ്യപ്പെട്ട തുക അപര്യാപ്തമാണ്. കേന്ദ്രം അനുവദിച്ച തുകയ്ക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്ത് നിന്ന് ഭരണ-സാങ്കേതിക അനുമതികൾ നൽകുന്നതിന് നടപടി സ്വീകരിക്കണം. പ്രളയത്തിൽ കന്നുകാലികൾ

നഷ്ടപ്പെട്ട കർഷകർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിക്കണം. കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി തോട്ടപ്പള്ളി സ്പിൽവേയുടെ വീതി കൂട്ടുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക വർദ്ധിപ്പിക്കണം. മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്തുടനീളം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും അടുത്ത മഴക്കാലത്തിന് മുൻപായി പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം പൂർത്തിയാക്കുന്നതിനും കേരളത്തിൽ ഹൈസ്പീഡ് റെയിൽ കോറിഡോർ നിർമ്മിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. എം. ആരിഫ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രളയാനന്തര പ്രതിസന്ധികളെ പ്രതിരോധിക്കാനും നവകേരള നിർമ്മിതിക്കുതകുന്ന സമഗ്ര പദ്ധതികൾ മുന്നോട്ടുവയ്ക്കുന്ന ബഡ്ജറ്റാണിത്. കെട്ടിടനിർമ്മാണത്തിന് സർക്കാർ ഏർപ്പെടുത്തിയ സർവ്വീസ് ടാക്സ് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ടെണ്ടർ ചെയ്ത വർക്കുകൾ ഏറ്റെടുത്ത കരാറുകാർക്കുണ്ടാകുന്ന അധികബാധ്യത ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിനുള്ള വിവിധ പഠനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകണം. സംസ്കൃത സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി 15 കോടി രൂപ

അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കർഷകർക്ക് പ്രതിമാസം 1300 രൂപ ക്ഷേമപെൻഷൻ എന്ന ബഡ്ജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്.

ശ്രീ. കെ. ജെ. മാക്സി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള പുതുമയാർന്ന പദ്ധതികളാണ് ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സാധാരണക്കാർക്ക് കൂടുതൽ പരിഗണന നൽകുന്നതുൾപ്പെടെ സമസ്ത മേഖലകളിലും ഊന്നൽ നൽകാൻ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുണ്ട്. 42 ലക്ഷം കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും ക്ഷേമപെൻഷനുകൾക്ക് 100 രൂപ വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. കുടുംബശ്രീക്ക് 100 കോടി രൂപയും ശബരിമല വികസനത്തിന് 739 കോടി രൂപയും തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപയും കെ.എസ്.ആർ.ടി.സി-ക്ക് 1000 കോടി രൂപയും നീക്കിവച്ച നടപടി അഭിനന്ദനാർഹമാണ്. സാധാരണക്കാരുടെമേൽ നികുതി ഭാരം അടിച്ചേൽപ്പിക്കാതെയുള്ള വിഭവ സമാഹരണമാണ് ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. തീരദേശത്തിന് 3,000 കോടി രൂപയുടെ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽവച്ച് മരണപ്പെടുന്നവരെ നാട്ടിലെത്തിക്കാനുള്ള ചെലവ് സർക്കാർ വഹിക്കുമെന്നത് ആശ്വാസകരമായ

നടപടിയാണ്. അയൽക്കൂട്ടങ്ങൾക്ക് നാലുശതമാനം പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതി സ്ത്രീ ശാക്തീകരണം ഉറപ്പുവരുത്തും. പ്രളയബാധിതരായ വ്യാപാരികൾക്ക് മാർച്ച് 31-നകം എടുക്കാവുന്ന വായ്പകളുടെ പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ വഹിക്കുമെന്നത് ആശ്വാസകരമായ നടപടിയാണ്. ലൈബ്രേറിയൻമാരുടെ അലവൻസ് 20 ശതമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഭാഗ്യക്കുറി വരുമാനം പൂർണ്ണമായും ഉപയോഗപ്പെടുത്തി ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ സമഗ്രമായ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചു. ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കുന്നതാണ്. വ്യവസായ നഗരമായ എറണാകുളം ജില്ലയ്ക്ക് ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകിയ നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രളയബാധിതരുടെമേൽ സെസ്സ് ഏർപ്പെടുത്തിയ നടപടി ഖേദകരമാണ്.

പ്രളയം ബാധിച്ച കച്ചവടക്കാർ, ചെറുകിട വ്യവസായികൾ തുടങ്ങിയവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ബഡ്ജറ്റിൽ പരാമർശമൊന്നുമില്ല. 10,000 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ച കാർഷിക മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. മണ്ണ്, ജലസംരക്ഷണം, മൃഗസംരക്ഷണം തുടങ്ങിയ മേഖലകൾക്കൊന്നും അധികത്തുക വകയിരുത്തിയിട്ടില്ല. മത്സ്യത്തൊഴിലാളി മേഖലയ്ക്ക് മുൻവർഷ വിഹിതത്തെക്കാൾ 4 കോടി രൂപ കുറച്ചാണ് വകയിരുത്തിയിട്ടുള്ളത്. വഖഫ് ബോർഡിന് സാമൂഹ്യക്ഷേമ ഗ്രാന്റായി പ്രതിവർഷം 8 കോടി രൂപ അനുവദിക്കണം. ഡയാലിസിസ് പോലുള്ള ചാരിറ്റി പ്രവർത്തനങ്ങളിലേർപ്പെടുന്ന സംഘടനകൾക്ക് വെള്ളക്കരവും വൈദ്യുതി ചാർജ്ജും ഒഴിവാക്കിക്കൊടുക്കുന്നതിനും നിശ്ചിത ഗ്രാന്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉണ്ണി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രളയം തകർത്ത കേരളത്തെ നവീനമാതൃകയിൽ സൃഷ്ടിച്ചെടുക്കുകയെന്ന വെല്ലുവിളിയാണ് ധനകാര്യ വകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്. നവ കേരള നിർമ്മിതിക്കായി 25 പദ്ധതികളും പ്രളയം ബാധിച്ച പഞ്ചായത്തുകൾക്ക് കൈത്താങ്ങായി 25 കോടി രൂപയും പ്രഖ്യാപിച്ച നടപടി പ്രശംസനീയമാണ്. വാർഷിക പദ്ധതിയിൽ

നീക്കിവച്ച തുക അപര്യാപ്തമെങ്കിൽ കൂടുതൽ തുക അനുവദിക്കാമെന്ന മന്ത്രിയുടെ ഉറപ്പ് ആശ്വാസകരമാണ്. കാർഷിക മേഖലയ്ക്ക് മാത്രമായി 2,500 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. നെൽകൃഷിക്ക് കൂടുതൽ തുക വകയിരുത്തണം. പ്രളയത്തിൽ തകർന്ന പാലങ്ങളും റോഡുകളും പുനർനിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്. ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളിൽ വയോജനക്ഷേമ പദ്ധതികൾ ഏർപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്.

ശ്രീ. എ. എൻ. ഷംസീർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നികുതിചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതമാക്കിയും വരുമാനം കണ്ടെത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ദേശീയപാതാ വികസനവും കണ്ണൂർ വിമാനത്താവളവും യാഥാർത്ഥ്യമാക്കിയത് സർക്കാരിന്റെ ഇച്ഛാശക്തിയുടെ തെളിവാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും സാമൂഹ്യസുരക്ഷാ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. കേരള ബാങ്ക് രൂപീകരണത്തെ എതിർക്കുന്ന പ്രതിപക്ഷ സമീപനം ന്യായീകരിക്കാവുന്നതല്ല. സംസ്ഥാനത്തിന്റെ അടിസ്ഥാന

വികസനത്തിനും വനിതാ ശാക്തീകരണത്തിനും സർക്കാർ പ്രത്യേക പരിഗണന നൽകിയിരിക്കുകയാണ്. ശബരിമല സമരത്തിൽ തെറ്റായ നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്.

ii) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

## VII ക്രമപ്രശ്നം

കേരള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങളുടെ ലംഘനം

ശ്രീ. എം. ഉമ്മർ: ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള വ്യവസ്ഥകളും ചട്ടങ്ങളും പാലിക്കാതെ കഴിഞ്ഞ വർഷത്തെ ഉപധനാഭ്യർത്ഥനകളിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തുകയും ഭരണാനുമതി നൽകി സഭയുടെ അനുമതിയില്ലാതെ മുഴുവൻ തുകയും ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഭരണഘടനയുടെയും കേരള ബഡ്ജറ്റ് മാന്വലിന്റെയും ലംഘനമായതുകൊണ്ട് ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ റൂളിംഗ് ഉണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ധനകാര്യ വകുപ്പ് ചട്ടങ്ങളും കീഴ്വഴക്കങ്ങളും പാലിച്ചുകൊണ്ടാണ് നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പ്രകാരം ശീർഷകം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നത്. അങ്ങനെ സൃഷ്ടിച്ചുകഴിഞ്ഞാൽ അധിക ധനാനുമതി ലഭ്യമാകുന്നതും അതിനുശേഷം റെഗുലറൈസേഷന് സഭയിൽ വരുന്നതുമാണ്. എന്നാൽ പ്രസ്തുത ഡിമാന്റിന് കീഴിൽ സേവിംഗ്സുണ്ടെങ്കിൽ അതിൽ ഉൾപ്പെടുത്തി റെഗുലറൈസ് ചെയ്യാമെന്നുള്ളതുകൊണ്ട് എല്ലാം സഭയുടെ സാധൂകരണത്തിന് പരിഗണിക്കണമെന്നില്ല. ആയതിനാൽ ഇത് സഭയുടെ കീഴ്വഴക്കങ്ങളെയോ ചട്ടങ്ങളെയോ ലംഘിക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: കഴിഞ്ഞ വർഷത്തെ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ മാത്രം വകയിരുത്തിയതിനുശേഷം അതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും ചെലവഴിക്കുകയുണ്ടായെന്നും നിയമസഭ അന്തിമമായ അനുമതി നൽകാതെ പ്രസ്തുത തുക ചെലവഴിക്കുന്നത് ചട്ടലംഘനമാണെന്നുമുള്ള ക്രമപ്രശ്നത്തിന്മേൽ ധനകാര്യ വകുപ്പുമന്ത്രി കീഴ്വഴക്കങ്ങളെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ ധനവകുപ്പിന്റെ നടപടിക്രമങ്ങളിൽ അപാകത ഉണ്ടായിട്ടില്ലെന്നാണ് ചട്ടങ്ങളും കീഴ്വഴക്കങ്ങളും പരിശോധിച്ചതിൽ നിന്നും ചെയറിന് മനസ്സിലാക്കാൻ സാധിച്ചത്. പ്രസ്തുത ഡിമാന്റിനുകീഴിൽ സേവിംഗ്സ് കണ്ടെത്തി റെഗുലറൈസ് ചെയ്യുക എന്നുള്ളത് സാധാരണഗതിയിലുള്ള നടപടിക്രമമാണ്. നിയമസഭയിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച നടപടിക്രമം പാലിക്കുന്നതിൽ നിലവിലുള്ള കീഴ്വഴക്കത്തിൽ ഏതെങ്കിലും തരത്തിലുള്ള ലംഘനമുണ്ടായതായി കാണുന്നില്ല. സഭയിൽ വർഷങ്ങളായി അനുവർത്തിച്ചുവരുന്ന ഒരു നടപടിക്രമമാണ് ഇത്തവണയും പാലിച്ചിരിക്കുന്നത്. ഇന്ന് ഉപധനാഭ്യർത്ഥന പാസ്സാക്കുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്ക് അന്തിമമായ തീർപ്പാകുന്ന സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. ബി. സത്യൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നോട്ടുനിരോധനംപോലുള്ള പ്രവർത്തനങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന സാഹചര്യത്തിലും

ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി മുന്നേറുന്ന സംസ്ഥാന സർക്കാരിന്റെ നടപടി പ്രശംസനീയമാണ്. പണി പൂർത്തിയാകാത്ത 50000 വീടുകൾ പൂർത്തീകരിച്ചതും 'ആർദ്രം' പദ്ധതിയിലൂടെ പൊതു ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും പൊതുവിദ്യാലയങ്ങളെ നവീകരിച്ചതും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കാൻ സാധിച്ചതും ആദിവാസി-പിന്നാക്ക-പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതും സർക്കാരിന്റെ എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ കമ്മി 16900 കോടി രൂപയായും ധനക്കമ്മി 26000 കോടി രൂപയായും വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ തൊഴിലന്വേഷകരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ രണ്ടിരട്ടിയായി വർദ്ധിച്ചതും സമയബന്ധിതമായി നികുതി പിരിച്ചെടുക്കാൻ സാധിക്കാത്തതും ഗവൺമെന്റിന്റെ കെടുകാര്യസ്ഥത വ്യക്തമാക്കുന്നു. അവശ്യവസ്തുക്കൾക്കും നിർമ്മാണ സാമഗ്രികൾക്കും ഒരു ശതമാനം പ്രളയസെസ്സ് ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കുന്നതിനും പ്രളയദുരന്തം നേരിടേണ്ടിവന്ന കർഷകരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനും നടപടി സ്വീകരിക്കണം. തികച്ചും

സ്വപ്ന പദ്ധതികളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. എൻ. വിജയൻ പിള്ള: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ സമഗ്രമായ നേട്ടം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പ്രളയത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് വീട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ പാർക്കുകൾക്കുവേണ്ടി കിഫ്ബിയിൽനിന്നും 15600 കോടി രൂപ അനുവദിച്ചതും റബ്ബറിന് താങ്ങുവില നൽകുന്നതിന് 500 കോടി രൂപ വകയിരുത്തിയതും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞതും ശ്ലാഘനീയമാണ്. കാർഷിക മേഖലയിൽ സമഗ്രമായ പുരോഗതി കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഫൈബർ പാർക്ക് യാഥാർത്ഥ്യമാക്കുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. സാധാരണക്കാരന് ആശ്വാസം പകർന്നുകൊണ്ട് ദിശാബോധത്തോടെ മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിസ്ഥാന വികസന രംഗത്ത് കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾ

നടപ്പിലാക്കാനും ഉല്പാദനമേഖലയിലെ വളർച്ചാ നിരക്ക് 9.2 ശതമാനമായി വർദ്ധിപ്പിക്കാനും റവന്യൂ വരുമാനം ഉയർത്താനും കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് സർക്കാരിന് സാധിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുൾപ്പെടെ 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ താനൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുള്ള തീരുമാനത്തെ അഭിനന്ദിക്കുന്നു. ടൂറിസം, നാനോ/ബയോ ടെക്നോളജി, ഐ.ടി. തുടങ്ങിയ രംഗങ്ങളിലെല്ലാം വേരുറപ്പിക്കാൻ ഈ ബഡ്ജറ്റ് കരുത്തുപകരും. വയനാട്ടിലെ കാപ്പിപ്പൊടി "മലബാർ" എന്ന പേരിൽ ബ്രാൻഡ് ചെയ്ത് വിൽക്കാനുള്ള തീരുമാനം കാപ്പി കർഷകർക്ക് ഏറെ പ്രയോജനമാകും. പ്രളയബാധിത കേരളത്തിന്റെ പുനഃസൃഷ്ടിക്കായി റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും ലോകത്തിൽ ഏറ്റവും നല്ല ശുദ്ധജലം ലഭിക്കുന്ന ശിരുവാണിപ്പുഴയിലെ ജലം ബ്രാൻഡ് ചെയ്ത് വിൽക്കാനും നടപടി സ്വീകരിക്കണം. പരപ്പനങ്ങാടി തുറമുഖമുൾപ്പെടെ മലപ്പുറം ജില്ലയിൽ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള സർക്കാർ തീരുമാനത്തെ അഭിനന്ദിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കണം. കേരള മണി ലെൻഡേഴ്സ്

നിയമപ്രകാരം പണം കടം കൊടുക്കൽ ബിസിനസ് നടത്തുന്നവർക്ക് ചുമത്താവുന്ന പലിശനിരക്ക് 18% ആയി കുറച്ച നടപടി അഭിനന്ദനാർഹമാണ്. ശബരിമല തീർത്ഥാടന സൗകര്യാർത്ഥം എരുമേലിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വിമാനത്താവളത്തിനായി 1000 ഏക്കർ ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

പ്രൊഫ. കെ. യു. അരുണൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്ത്രീകളുടെ സാമൂഹ്യ മുന്നേറ്റത്തിൽ കേരളം ഇതര സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിന് അനന്തവും സമൃദ്ധവുമായ സാദ്ധ്യതകളാണുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൊല്ലം ബൈപ്പാസ്, ഗെയിൽ പൈപ്പ് ലൈൻ, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചു. ജീവനോപാധി വികസന പാക്കേജ്, ഉപജീവന പുനരധിവാസ പദ്ധതി തുടങ്ങിയ പദ്ധതികൾക്കു പുറമെ നവകേരള നിർമ്മിതിക്കായി സർവ്വതല സ്പർശിയായ ഇരുപത്തിയഞ്ച് സമഗ്ര പദ്ധതികൾ ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നു. വിപുലമായ സൗകര്യങ്ങളോടെയുള്ള വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും വയനാടൻ കാപ്പിയെ 'മലബാർ' എന്ന പേരിൽ ബ്രാൻഡ് ചെയ്യുന്നതിനും ഗുണമേന്മയുള്ള തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും റബ്ബറിന് താങ്ങുവില നൽകുന്നതിനും ഡിസൈൻ റോഡുകൾ

നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയത് വലിയ പരിവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. കിഫ്ബി വഴി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളും വികസനകാര്യങ്ങളിൽ തുല്യനീതി ഉറപ്പാക്കുന്നതിലും സർക്കാർ കാണിക്കുന്ന ജാഗ്രത ശ്ലാഘനീയമാണ്. തീരദേശവാസികൾക്കായുള്ള പാർപ്പിട പദ്ധതിയും കടൽഭിത്തി നിർമ്മാണവും യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ ബാധിക്കുമെന്നതിനാൽ ജി.എസ്.ടി.-യെ എതിർക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കഴിഞ്ഞ ബഡ്ജറ്റിൽ കെ.ടി.ഡി.സി., ഹൗസിംഗ്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ലൈഫ് തുടങ്ങിയ പദ്ധതികൾക്കായി നീക്കിവച്ചിരുന്ന തുകകൾ ചെലവഴിക്കാൻ സാധിക്കാത്തത് സർക്കാരിന് സംഭവിച്ച വീഴ്ചയാണ്. ഉന്നത വിദ്യാഭ്യാസരംഗത്തെ അപാകതകൾ പരിഹരിച്ചുകൊണ്ട് മികവ് പുലർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഓഖി ദുരന്തത്തിന് അനുവദിച്ച ഫണ്ട് പ്രഖ്യാപനത്തിൽ ഒതുങ്ങിനിൽക്കുന്ന അവസ്ഥയും പ്രഖ്യാപനങ്ങളുടെ ആവർത്തനവുമാണ് ഈ ബഡ്ജറ്റിലുള്ളത്. സ്ത്രീകളുടെ ഉന്നമനത്തിനായി പുരോഗമനപരമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സാമൂഹ്യനീതി വകുപ്പിൻകീഴിൽ ഫണ്ട് ചെലവഴിക്കാത്ത

സാഹചര്യം പരിശോധിക്കുന്നതിനും തവനൂർ റസ്ക്യൂ ഹോമിലെ നിരാലംബർക്ക് സഹായമെത്തിക്കുന്നതിനും നിയമ വകുപ്പിൽ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ഒ. ആർ. കേളു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാര്യക്ഷമമായും ദീർഘവിക്ഷണത്തോടെയുമുള്ള നിരവധി വികസന പ്രവർത്തങ്ങൾ ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ മതേതര ജനാധിപത്യ മൂല്യങ്ങളും ജനങ്ങളുടെ ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. പ്രളയാനന്തരം സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ പ്രതിസന്ധി പരിഹരിച്ച് ജീവിത സാഹചര്യം നിലനിർത്തുന്നതിനും ആദിവാസി മേഖലയിലെ ഉന്നമനത്തിനുമുള്ള നടപടികളും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ ഭിന്നിപ്പിക്കുന്നതിനെതിരെയും ജാതിമത അസമത്വങ്ങൾക്കെതിരയുമുള്ള ബദൽ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ബാബു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ പ്രളയക്കെടുതിയിൽ നിന്ന് അതിജീവിക്കുന്നതിനായി ധാരാളം ഭാവിപ്രതീക്ഷകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്.

നവകേരളസൃഷ്ടിക്കായി 25 പദ്ധതികളും 1200-ൽപ്പരം സ്കീമുകളും യാഥാർത്ഥ്യമാക്കുമെന്ന പ്രഖ്യാപനം പുതുപ്രതീക്ഷ നൽകുന്നതാണ്. സംസ്ഥാനത്തെ സമ്പദ്ഘടനയുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി അഭിനന്ദനാർഹമാണ്. സർക്കാരിന് ഏറെ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് അധികരിച്ച തുകയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നവകേരള സൃഷ്ടിക്കായി ഒരു ശതമാനം സെസ്സ് പിരിക്കുന്നതിലൂടെ സംസ്ഥാനത്തിന് 600 കോടി രൂപ ലഭിക്കും. ക്ഷേമ പെൻഷനുകളെല്ലാം 1200 രൂപയായി വർദ്ധിപ്പിച്ചതും നവീന കുടിവെള്ള പദ്ധതിക്ക് 280 കോടി രൂപ വകയിരുത്തിയതും തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് ക്ഷേമനിധിയും മൂന്ന് വർഷത്തിനിടയിൽ 25 ദിവസം തൊഴിലെടുത്തവർക്ക് പെൻഷൻ ഏർപ്പെടുത്തിയതും ലൈബ്രേറിയന്മാർക്ക് 20 ശതമാനം ശമ്പള വർദ്ധനവ് പ്രഖ്യാപിച്ചതും പ്രശംസനീയമാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പരിശോധിക്കാൻ കമ്മീഷനെ നിയോഗിക്കുകയും ശമ്പള പരിഷ്കരണം പ്രഖ്യാപിക്കുകയും ചെയ്തതും സ്വാഗതാർഹമാണ്. ആശാ വർക്കർമാർക്ക് 500 രൂപ വർദ്ധിപ്പിച്ചുകൊടുക്കാനും വിശപ്പുരഹിത കേരളം പദ്ധതിക്ക് 20 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചതും പ്രശംസനീയമാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 5436 ഭവനങ്ങളിൽ 90

ശതമാനവും പൂർത്തീകരിക്കുകയും ഭൂമിയില്ലാത്തവർക്ക് ഭൂമി കൊടുക്കാനായി 1296 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നെല്ലിയാമ്പതിയിൽ ആദിവാസി സമൂഹത്തിൽപ്പെട്ട 104 പേർക്ക് ഒരേക്കർ ഭൂമി വീതവും നെന്മാറയിൽ 50 പേർക്ക് 20 സെന്റ് ഭൂമി വീതവും കൊടുത്തിട്ടുണ്ട്. 103000-ത്തിലധികം പേരുടെ ഭൂമിക്ക് കൈവശരേഖയും പട്ടയവും നൽകുകയും ആദിവാസി കുടുംബത്തിലൊരാൾക്ക് തൊഴിൽ കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജലക്ഷാമം പരിഹരിക്കാൻ കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയും കാർഷിക മേഖലയുടെ സംരക്ഷണാർത്ഥം ആധുനിക റൈസ് മില്ലും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതും സംസ്ഥാനത്തെ മുഴുവൻ പ്രൈമറി ഹെൽത്ത് സെന്ററുകളും ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റാനുള്ള തീരുമാനവും പ്രശംസനീയമാണ്. സ്മാർട്ട് ക്ലാസ് റൂമുകൾക്കുവേണ്ടി തുക വകയിരുത്തിയും പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തിയും ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

<u>ഡോ. എൻ. ജയരാജ്</u>: സപ്ലിമെന്ററി ഡിമാന്റ് നമ്പർ 3-ൽ അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസിന്റെ എക്സ്പ്ലനേറ്ററി നോട്ടിൽ പറഞ്ഞ അതേ കാര്യം ഡിമാന്റ് നമ്പർ 14 -ലും വന്നിരിക്കുന്നത് പരിശോധിക്കണം. ബഡ്ജറ്റ് നിർദ്ദേശപ്രകാരം അനുവദിക്കുന്ന തുക ക്വാളിറ്റേറ്റീവായി ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. കടത്തോടൊപ്പം റവന്യൂ

ചെലവുകളും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറും ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. റവന്യൂ എക്സ്പെൻഡിച്ചർ കുറയ്ക്കാൻ സാധിച്ചാൽ ധനക്കമ്മി ഒരു ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിയും. കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ബോർഡുകൾ തുടങ്ങി സമാന സ്വഭാവമുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ധൂർത്ത് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. ക്ഷേമനിധികളെല്ലാം ഏകീകരിച്ച സാഹചര്യത്തിൽ ക്ഷേമനിധി പെൻഷൻ കൊടുക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും പുനർ വിചിന്തനം നടത്തേണ്ടതാണ്. എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടുകളിൽ വരുന്ന നിർദ്ദേശങ്ങൾ പലപ്പോഴും പാലിക്കാത്ത സാഹചര്യം നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നൂറ് ശതമാനത്തിലെത്തിക്കാൻ സാധിക്കണം. പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയ പണത്തിൽ എത്രമാത്രം ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ഡെവലപ് ചെയ്യാൻ കഴിഞ്ഞുവെന്നത് ഗവൺമെന്റ്തലത്തിൽ പരിശോധിക്കപ്പെടണം. ഓരോ വകുപ്പും നടത്തിയ പ്രവർത്തനം പരിശോധിച്ചശേഷം ആവശ്യമുണ്ടെങ്കിൽ മാത്രം പണം വീതിക്കാൻ കഴിയുന്ന സീറോ ബേസ്ഡ് ബഡ്ജറ്റിംഗ് സംവിധാനം പ്രാവർത്തികമാക്കുകയും ഡിപ്പാർട്ടുമെന്റുകളുടെ ഓവർ ഓൾ പെർഫോർമൻസ്

വിലയിരുത്തുകയും വേണം. പൊതു ചെലവുകൾ നിയന്ത്രിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്ത്രീ ശാക്തീകരണം, സ്ത്രീ സമത്വം, സ്ത്രീകളുടെ ആത്മാഭിമാനം മുതലായ കാര്യങ്ങളിൽ സർക്കാർ എടുത്ത നടപടികൾ പ്രശംസനീയമാണ്. സ്ത്രീകളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട ദാക്ഷായണി വേലായുധന്റെ പേരിൽ അവാർഡ് പ്രഖ്യാപിച്ചത് വിപ്ലവകരമായ മുന്നേറ്റമാണ്. സ്ത്രീ ശാക്തീകരണത്തിന് 1420 കോടി രൂപയും കുടുംബശ്രീ പദ്ധതിക്ക് 3500 കോടി രൂപയും 'മഴവില്ല്' പദ്ധതിയിലൂടെ ട്രാൻസ്ജെൻഡറുകൾക്കായി 5 കോടി രൂപയും വകയിരുത്തിയത് പ്രശംസനീയമാണ്. നവകേരള സൃഷ്ടിക്കും പ്രളയാനന്തര പുനർ നിർമ്മിതിക്കും ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കിയ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ചീക്കോട് കുടിവെള്ള പദ്ധതിക്കായുള്ള 31 കോടി രൂപയുടെ ഉപധനാഭ്യർത്ഥന തികച്ചും അപര്യാപ്തമാണ്. ഈ ഗവൺമെന്റ് വികസന ഫണ്ട് അനുവദിക്കുന്നതിൽ

വിവേചനപരമായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. കൊണ്ടോട്ടി താലൂക്കിൽ ആർ.ടി.ഓഫീസ് നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണം. എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയാനന്തര കേരളം നേരിട്ട സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും പശ്ചാത്തല മേഖലയിലുണ്ടായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമതാൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സാമ്പത്തികാഭിവൃദ്ധി നേടുന്നതിനുമായി ബഡ്ജറ്റിലൂടെ നവകേരളത്തിന് 25 പദ്ധതികൾ എന്ന ആശയത്തിന് രൂപം നൽകുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു. വികസനപ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ യു.ഡി.എഫ്. സർക്കാരിന്റെ വിവേചനപരമായ നിലപാടിൽ മാറ്റം വരുത്തിക്കൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യമായി ഫണ്ട് അനുവദിക്കുന്ന സമീപനം സ്വീകരിക്കാൻ സർക്കാരിന് സാധിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര മണ്ഡലത്തിലെ ആറ് സ്കൂളുകൾക്കായി 20 കോടി രൂപയും കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കായി 12 കോടി രൂപയും ഐ.റ്റി. സ്കൂൾ കെട്ടിട

നിർമ്മാണത്തിനായി 5 കോടി രൂപയും അനുവദിച്ചു. പൊഴിയൂർ യു.പി. സ്കൂളിന് തീരദേശ ഫണ്ട് വിനിയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി മാറ്റാനും നടപടി സ്വീകരിച്ചു. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അധികമായി 13 ഡോക്ടർമാരെ നിയമിക്കുകയും 9.5 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും 20 ഡയാലിസിസ് യൂണിറ്റുകൾക്ക് ആരംഭം കുറിക്കുകയും ചെയ്തതോടുകൂടി ആരോഗ്യമേഖലയിൽ മികച്ച മുന്നേറ്റം കൈവരിക്കാൻ സാധിച്ചു. പ്രളയക്കെടുതിയിൽ നശിച്ച മുഴുവൻ റോഡുകളും അന്തർദേശീയ നിലവാരമുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.എ.എൽ. ഉൾപ്പെടെ 20 ഓളം വ്യവസായ സ്ഥാപനങ്ങളെ പുരോഗതിയുടെ പാതയിലെത്തിക്കാൻ സാധിച്ചതും പിന്നോക്ക ക്ഷേമവകുപ്പ് നെയ്യാറ്റിൻകര താലൂക്ക് കേന്ദ്രീകരിച്ച് പുതിയ സോണൽ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജുഡീഷ്യറിക്കുവേണ്ടി കാറുകൾ വാങ്ങുന്നതിനായി തുക അനുവദിക്കുന്ന കാര്യം ഒന്നിലധികം തവണ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയതിലൂടെ ധനകാര്യ വകുപ്പിന്റെ നിരുത്തരവാദിത്തമാണ് വെളിവാക്കുന്നത്. റവന്യൂ കമ്മിയും

ധനക്കമ്മിയും കുറച്ച് ധനസ്ഥിതി മെച്ചപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നിരിക്കെ നോൺ പ്ലാൻ ചെലവുകൾ വെട്ടിച്ചുരുക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചില്ലെന്നത് ഖേദകരമാണ്. ജി.എസ്.ടി. വരുമാനം നിലവിലെ പത്ത് ശതമാനത്തിൽ നിന്നും മുപ്പത് ശതമാനമാക്കി ഉയർത്തുമെന്ന അവകാശവാദം അടിസ്ഥാനരഹിതമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച തുക അർഹരായ ദുരിതബാധിതർക്ക് വിനിയോഗിക്കുന്നതിലും വ്യക്തമായ മാർഗ്ഗനിർദ്ദേശപ്രകാരം പ്രളയദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിലും കഴിഞ്ഞ സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതമായി വിവിധ വകുപ്പുകൾക്ക് ലഭിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. ഇടുക്കിയിലെ കർഷക ആത്മഹത്യകൾ തടയുന്നതിനോ പ്രളയ ദുരന്തബാധിതരുടെ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനോ ബഡ്ജറ്റിൽ പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനോ യാതൊരു നിർദ്ദേശവുമില്ലെന്നത് ഖേദകരമാണ്. ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും ഫലമായി 300 കോടിയിലധികം രൂപയുടെ നഷ്ടം വരുത്തിവച്ച റബ്കോയുടെ കടബാദ്ധ്യത എഴുതിത്തള്ളാനുള്ള തീരുമാനം പുന:പരിശോധിക്കണം. ജാതീയ സംഘടനകളെ കൂട്ടുപിടിച്ച് ജനങ്ങളെ ഭിന്നിപ്പിക്കാൻ എൽ.ഡി.എഫ്. നടത്തുന്ന ശ്രമങ്ങൾ അപലപനീയമാണ്.

<u>ശ്രീ. സജി ചെറിയാൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചെലവ് ചുരുക്കാതെ കേരളത്തിന്റെ സമ്പദ്ഘടനയെ പിടിച്ചുനിർത്താൻ കഴിയുന്ന ജനകീയ ബഡ്ജറ്റാണിത്. കുട്ടനാട് പാക്കേജ് രണ്ടാം ഘട്ടം, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, പൊതുമരാമത്ത് വകുപ്പിന്റെ പതിനായിരം കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരണം, ഒരു ലക്ഷം കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിക്കാനുള്ള നടപടി, കൊല്ലം ബൈപ്പാസ് യാഥാർത്ഥ്യമാക്കൽ എന്നിവ പ്രശംസനീയമാണ്. ക്ലാസ് മുറികൾ ഹൈടെക്ക് ആക്കൽ, സ്കൂളുകളിൽ ലാപ്ടോപ്പ് വിതരണം, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ്, അട്ടപ്പാടി ആരോഗ്യ പദ്ധതി, ശബരിമല മാസ്റ്റർ പ്ലാൻ തുടങ്ങിയവയൊക്കെ ഈ ഗവൺമെന്റിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ജനക്ഷേമകരമായ നിലപാടുകളുമായി മുന്നോട്ടു പോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): കേരള ബാങ്ക് രൂപീകരിക്കുന്നതിനായി റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും വരുത്തിയ കുടിശ്ശിക സർക്കാരിന്റെ

വായ്പയാക്കി മാറ്റുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ കുടിശ്ശിക തീർക്കുന്നതിനായി പണം അനുവദിച്ചുകൊണ്ട് മുൻ സർക്കാർ ഉത്തരവിറക്കിയെങ്കിലും പണം അനുവദിച്ചിരുന്നില്ല. സഹകരണ ബാങ്കിന്റെ ബോർഡ് അംഗീകരിച്ച വായ്പയാണ് ഈ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്നത്. വായ്പാ പുന:സംഘടനയിലൂടെ ഇത്തരം സ്ഥാപനങ്ങളെ രക്ഷിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2018-19-ലെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്ക് തുക അനുവദിച്ചിരുന്നെങ്കിലും പ്രളയമുണ്ടായ സാഹചര്യത്തിൽ ചെലവുകൾക്ക് 20 ശതമാനം നിയന്ത്രണം ഏർപ്പെടുത്തിയതിൽ തിരുത്തൽ വരുത്തേണ്ടതിനാലാണ് അന്തിമ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നത്. റബ്കോ, റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾ സംസ്ഥാന സഹകരണ ബാങ്കിന് നൽകാനുള്ള പണം സർക്കാർ ഏറ്റെടുത്ത് സർക്കാർ വായ്പയാക്കി മാറ്റുന്നത് കേരള ബാങ്ക് രൂപീകരിക്കാൻ അത്യന്താപേക്ഷിതമാണ്. മാറ്റിവച്ച 20 ശതമാനം തുക മരാമത്ത് പണികൾ, ഗ്രാമീണ റോഡുകൾ, ഒ.ഇ.സി. സ്കോളർഷിപ്പ്, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുള്ള ധനസഹായം എന്നിവയ്ക്കാണ് സർക്കാർ ചെലവഴിച്ചത്. പ്രളയാനന്തരം വിവിധ വകുപ്പുകൾക്ക് വന്ന അധികച്ചെലവുകളാണ് റെഗുലറൈസ് ചെയ്ത് വരുന്നത്. ജഡ്ജിമാരുടെ കാറുകൾ

വാങ്ങുന്നതിലെ ചെലവ് സംബന്ധിച്ച് എക്സ്പ്ലനേറ്ററി നോട്ടിലെ പിശക് തിരുത്തുന്നതാണ്. സിനിമാ ടിക്കറ്റിന് ജി.എസ്.ടി.ക്ക് മേൽ സെസ്സ് ഏർപ്പെടുത്തിയത് വഴി ടിക്കറ്റ് നിരക്ക് വർദ്ധിക്കുമെന്ന പ്രചരണം തെറ്റാണ്. ജി.എസ്.ടി. നടപ്പാക്കുമ്പോഴും സംസ്ഥാനങ്ങൾക്ക് നികുതിയിന്മേൽ തീരുമാനമെടുക്കാൻ അധികാരം നൽകണമെന്നതാണ് എൽ.ഡി.എഫ്.-ന്റെ നിലപാട്. ബഡ്ജറ്റ് പിന്തുണയുടെ അടിസ്ഥാനത്തിൽ ക്യാപിറ്റൽ എക്സ്പെന്റിച്ചറിന് ഒരു ധനകാര്യ സ്ഥാപനത്തിലൂടെയല്ലാതെ വായ്പയെടുക്കാൻ സാധിക്കില്ല. അങ്ങനെ വായ്പ സമാഹരിക്കാൻ കഴിയുന്ന സ്ഥാപനമാണ് കിഫ്ബി. കിഫ്ബിക്ക് 1600 കോടി രൂപ ഈ വർഷം കൊടുക്കുന്നതിന് സപ്ലിമെന്ററിയിൽ ഡിമാന്റ് വച്ചിട്ടുണ്ട്. 2016-17-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 64 ശതമാനത്തിനും 2017-18-ലെ പദ്ധതികളിൽ 74 ശതമാനത്തിനും വിശദമായ പരിശോധനയ്ക്കുശേഷം അനുമതി നൽകി. ഇതിൽ 48.6 ശതമാനം പദ്ധതികൾ ടെൻഡർ ചെയ്തു. ടെൻഡർ ലഭിച്ചതിൽ 79 ശതമാനം പദ്ധതികളും കരാർ ഒപ്പിട്ട് പണി തുടങ്ങുകയും ചെയ്തിട്ടുണ്ട്. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ നൂറോളം ആനകളെ പരിപാലിക്കാൻ കഴിയുന്ന രീതിയിൽ വിവിധങ്ങളായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ട്. പരപ്പനങ്ങാടി ഹാർബറിന് ഡി.പി.ആർ. തയ്യാറാക്കി അപ്രൈസൽ നടത്തുകയും ചെത്തി ഹാർബറിന്റെ ഡി.പി.ആർ. 65 കോടി രൂപയായി റിവൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ തീരദേശ വികസനത്തെയാകെ മാറ്റിമറിക്കാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഒരു വീഴ്ചയുമില്ലാതെ സമയബന്ധിതമായി കിഫ്ബിയുടെ പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. ന്യൂനപക്ഷക്ഷേമ വകുപ്പിന് കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ അനുവദിച്ച 534 കോടി രൂപയിൽ 442 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തീരദേശ പാക്കേജിൽ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിന് 250 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജിന് അനുസൃതമായ പദ്ധതികൾ നടപ്പാക്കിവരികയാണ്. ചീക്കോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## VIII തിരുത്തൽ സ്റ്റേറ്റ്മെന്റ്

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള അവസാന ഉപധനാഭ്യർത്ഥന സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ 2058-00-103-99-34-3 - നോൺ പ്ലാൻ ചാർജ്ഡ് എന്ന കണക്കിനത്തിൽ ഉൾപ്പെടുത്തിയ 5.77 ലക്ഷം രൂപയ്ക്ക് നൽകിയിരുന്ന വിശദീകരണം സംബന്ധിച്ച തിരുത്തൽ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി

ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ

ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 32-ന് എതിരെ 77 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(ചർച്ചകൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.)

സഭ വൈകുന്നേരം 6.57-ന് പിരിഞ്ഞു.

******